**HALF YEARLY EXAMINATION 2024-2025**

**MALAYALAM**

**Marks:60**

**Class: 4**

**1.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

**മോഹൻദാസ് കരംചന്ദ് ഗാന്ധി നമ്മുടെ രാഷ്ട്രപിതാവാണ്. അദ്ദേഹത്തെ ബാപ്പു എന്നും സ്നേഹത്തോടെ വിളിക്കാറുണ്ട്. 1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്തർ എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. സത്യവും അഹിംസയും അദ്ദേഹത്തിന്റെപ്രധാന സമരമാർഗങ്ങൾ. ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യയെ സ്വതന്ത്രമാക്കുന്നതിന് ഗാന്ധിജി നടത്തിയപരിശ്രമങ്ങൾ വിലമതിക്കാനാകാത്തതാണ്. അദ്ദേഹത്തിന്റെ മാർഗ്ഗം സമാധാനപരമായിരുന്നുവെങ്കിലും അത് വളരെ ശക്തമായിരുന്നു.1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു. 1948 ജനുവരി 30ന് ഗാന്ധിജികൊല്ലപ്പെട്ടു.**

**ചോദ്യങ്ങൾ (6x1-6)**

**1. ആരാണ് നമ്മുടെ രാഷ്ട്രപിതാവ്?**

**2. ഗാന്ധിജി എവിടെയാണ് ജനിച്ചത്?**

**3. ഗാന്ധിജിയെ എന്താണ് വിളിക്കാറുള്ളത്?**

**4.ഗാന്ധിജിയുടെ സമരമാർഗങ്ങൾ ഏതൊക്കെയാണ്?**

**5. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച വർഷം ഏത്?**

**6 .ഗാന്ധിജി എന്നാണ് കൊല്ലപ്പെട്ടത്?**

**2.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (10 X 1 - 10)**

**a . നായ്ക്കുട്ടിയെ ഏറ്റെ സ്നേഹിച്ചതാര് ?**

**( സിംഹം, കാവൽക്കാരൻ, കാഴ്ചക്കാർ)**

**b.ദുരവസ്ഥ എന്ന കവിത എഴുതിയത് ആര് ?**

(കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ, )

c. ഓടിയണയുന്നതാര്?

(ചിങ്ങം , പൂത്തുമ്പി, പൊന്നോണം )

d. മഹാരാഷ്ട്ര രാജ്യം ഭരിച്ചിരുന്നതാര് ?

( ഗംഗാധർറാവു, താംബേ, ബാജിറാവു )

e. രത്നാകരൻ മുനിമാരിൽ നിന്നും എന്താണ് തട്ടിപ്പറിച്ചത്?

( സ്വർണ്ണ നാണയം, ഭാണ്ഡങ്ങൾ ,ആഹാരം)

f. പഞ്ചമം പാടുന്നത് ആര്?

( കുയിൽ, തത്ത, മയിൽ)

g. കൃഷ്ണഗാഥ രചിച്ചത് ആര്?

(വ്യാസൻ , ചെറുശ്ശേരി , വാല്മീകി)

h. മദർ തെരേസ ആദ്യകാല സേവന പ്രവർത്തനങ്ങൾ ചെയ്തിരുന്നത് എവിടെ?

(കൊൽക്കത്ത, ബോംബെ, കേരളം)

i.നിലവിളി കേട്ട് തിരിഞ്ഞു നോക്കിയ നബി കണ്ടത് ആരെ?

(ദരിദ്രബാലൻ, ഫാത്തിമ, ഹസ്സൻ)

j. കൂരിരുട്ടത്ത് വെച്ചത് എന്ത്?

( മുത്ത് ,മധു ,വിളക്ക്)

3.ചേരുംപടി ചേർക്കുക( 4 x 1 - 4)

a . ഇരയിമ്മൻ തമ്പി - വാത്മീകി

b. രത്നാകരൻ - ചോരക്കുഞ്ഞ്

c. നബി -സ്വാതിതിരുനാൾ

d.മദർ തെരേസ -ദരിദ്ര ബാലൻ

4. വാക്കുകൾ ക്രമപ്പെടുത്തി വാക്യം എഴുതുക. (2 x 1-2 )

a .അലിവോടെ ചേർത്തുപിടിച്ചു അവനെ നബി തിരുമേനി

b. വീണ്ടും മുനിമാർ വന്നു അതു വഴി

5.അർഥം എഴുതുക (2)

a. തെന്നൽ b. അന്തി

5.പര്യായപദം എഴുതുക (2)

a. തേൻ b. പുല്ല്

6.വിപരീത പദം എഴുതുക (2)

a. പ്രഭാതം b ദരിദ്രൻ

7.പിരിച്ചെഴുതുക (2)

a. ഇല്ലിക്കൂട്ടം b. പൂത്തുമ്പി

8.വിഗ്രഹിക്കുക ( 2 )

a. കാട്ടുവഴി . b . പ്രഭാത നമസ്കാരം

9.വാക്യത്തിൽ പ്രയോഗിക്കുക. (2)

a . ശുശ്രൂഷിച്ചു b. ലക്ഷ്യമാക്കി

10. ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (6 x 3 - 18)

a. ഏതെല്ലാം ചെടികളാണ് പൂവണിഞ്ഞത്?

b. മദർ തെരേസയെ ഉയരങ്ങളിലേക്ക് നയിച്ചത് എന്ത്?

c. നായ്ക്കുട്ടി ചത്തു പോയപ്പോൾ സിംഹം എന്തെല്ലാം ചെയ്തു ?

d. ദരിദ്രബാലൻ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞതെന്താണ്?

e. മുനിമാരെ കണ്ടപ്പോൾ രത്നാകരൻ എന്ത് ചെയ്തു ?

f. നബി ഏൽപ്പിച്ച ബാലനെ ഫാത്തിമ എന്താണ് ചെയ്തത്?

g.മദർ കുഞ്ഞിനെ എന്ത് ചെയ്തു?

h.തൈ വാഴയുടെ ചുവട്ടിൽ എന്തൊക്കെ കാണാം?

11.കവിത എഴുതുക (4)

ചിങ്ങപ്പൂവിളി - എന്ന കവിതയിലെ 4 വരി എഴുതുക

12.ഓണക്കാലത്ത്  വിടരുന്ന എട്ട് പൂക്കളുടെ പേര് എഴുതുക. (4)